സ്റ്റേറ്റ്ഷോഴ്സ് നിയന്ത്രണാധികാരം

*൯ ൦൩. (൨൨) സാഹിബ്ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇവിടത്തെ മിലിറ്ററിയുടെ (സ്റ്റേറ്റഷോഴ്സിന്റെ) മേൽ ഇവിടത്തെ ഗവൺമെണ്ടിന് ഇപ്പോൾ എന്തെങ്കിലും അധികാരം ഉണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന്റെ നിയന്ത്രണാധികാരം ഇപ്പോൾ ആക്കാണെന്ന പ്രസ്താവിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഏപ്രിൽ ഫ്രാംതീയതിമുതൽ ഉണ്ടാകയില്ല.

(ബി) ഇൻഡ്യാഗവൺമെണ്ടിനാണ് ഏപ്രിൽ ഫ്രാംതിയതി മുതൽ.

സാഹിബ്ബഹദൂർ മുഹമ്മദ് മുസ്താഫാ: ഈ രാജ്യത്ത് എന്തെങ്കിലും അടിയന്തിരാവസ്ഥയുണ്ടായാൽ അതിനെ നേരിടുന്നതിന് പട്ടാളം വേണ്ടിവന്നാൽ ഗവൺമെണ്ട് എന്തു ചെയ്യും?

Mr. Speaker: That is a hypothetical question.

സാഹിബ്ബഹദൂർ കെ. എ. മുഹമ്മദ്: ഇവിടെ നിൽക്കുന്ന പട്ടാളത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അതു ഈ ഗവൺമെണ്ടിന്റെ കീഴിലല്ലെ?

ശ്രീ. ടി. കെ. നാരായണപിള്ള: നിയമസമാധാനത്തിന് വേണ്ടിവന്നാൽ ഈ പട്ടാളത്തെ ഉപയോഗിക്കുന്നതിന് ഗവൺമെണ്ടിന് സ്വാതന്ത്ര്യമുണ്ടായിരിക്കും.

ശ്രീ. ഇട്ടീര അമ്മൂക്കൻ: ഇന്നുമുതൽ മിലിട്ടറിയെ സംബന്ധിച്ച് ഈ ഗവൺമെണ്ടിനു പണം ചെലവുചെയ്യേണ്ടിവരുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു സമാധാനം ഇവിടെ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. എ. താണുപിള്ള: നിയമസമാധാനത്തിനു ഗവൺമെണ്ടിന്റെ കീഴിൽ പട്ടാളം ഉണ്ടാകുമെന്നു പറഞ്ഞു.....

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെണ്ടിന്റെ സ്വാധീനത്തിൽ ഉണ്ടായിരിക്കുമെന്നാണ് പറഞ്ഞതു്. കീഴിൽ എന്നല്ല പറഞ്ഞതു്.

ശ്രീ. എ. താണുപിള്ള: അതായതു, ഇൻഡ്യാഗവൺമെണ്ടിന്റെ കീഴിൽ പോകുന്ന പട്ടാളത്തിനു പുറമെ ഒരു ഭാഗം പട്ടാളം ഇവിടെ ഉണ്ടാകുമെന്നോ അതോ ഇൻഡ്യാഗവൺമെണ്ടിന്റെ കീഴിൽ പോകുന്ന പട്ടാളത്തെ ഇവിടെ നിയമസമാധാനത്തിനു ഗവൺമെണ്ടിനു ഉപയോഗിക്കാമെന്നോ പറഞ്ഞതു്?

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടാമതു പറഞ്ഞതാണ് ശരി.

Sri. Eapen Arakkal: May I know in case such a need arises will the Government sanction the necessary funds from the State itself and then make adjustments with the Central Government?

Sri. T. K. Narayana Pillai: I am not prepared to answer that because it involves various other questions also.

വ്യവസായസ്ഥാപനങ്ങളിൽനിന്നും ഗവൺമെണ്ടിനു കിട്ടിയ ഡിവിഡൻഡ്

*൯ ൦൭. (൨൩) സാഹിബ് ബഹദൂർ എ. എം. മുസ്തഫ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഗവൺമെണ്ടു് ഓഹരികൾ എടുത്തിട്ടുള്ള ഏതെങ്കിലും വ്യവസായസ്ഥാപനങ്ങളിൽനിന്നും ഇക്കഴിഞ്ഞ സാമ്പത്തികവർഷം ഗവൺമെണ്ടിനു് ആദായവീതം (ഡിവിഡൻഡ്) ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നെന്നും, എത്ര ശതമാനം വീതമെന്നും പ്രസ്താവിക്കുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ഉണ്ടു്.

(ബി) ഇവയെ സംബന്ധിച്ചു് ഒരു ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly